# INDIAN SCHOOL AL WADI AL KABIR

## FINAL EXAMINATION (2023- 24)

## CLASS VIII (3rd Lang.) MALAYALAM

**മലയാളം**

**Time allowed:** $2\frac{1}{2}$ **Hours** **Maximum Marks: 80**

അനുവദിച്ച സമയം: $2\frac{1}{2}$ മണിക്കൂർ ആകെ മാർക്ക് : **80**

**Date: 14-03-2024**

- **Please check this question paper contains 5 printed pages and 13 questions.**

**I)** താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

മഹാകവി കുമാരനാശാന്റെ ആദ്യത്തെ പ്രധാന കാവ്യമാണ് വീണപൂവ്. നാല്പത്തിയൊന്നു പദ്യമുള്ള ഈ ചെറിയ കൃതി നമ്മുടെ ഭാഷയിലെ ഒരു വലിയ സംഭവമായിരുന്നു. തലശ്ശേരിയിൽ നിന്ന് ഇറങ്ങിയിരുന്ന മിതവാദിയിലാണ് വീണപൂവ് 1907-ൽ ആദ്യമായി പ്രസിദ്ധീകരിച്ചത്. വീണപൂവിനെ വിലാപകാവ്യം എന്നു വിളിക്കുന്നതിൽ തെറ്റില്ല. ഇവിടെ ഒരു സംശയം തോന്നാം. പ്രിയപ്പെട്ട ഒരാളിന്റെ മരണം മൂലം കവിക്കുണ്ടായ ദു:ഖം ആയിരിക്കേണ്ടേ വിലാപകാവ്യത്തിലെ വിഷയം. അതെ, വീണപൂവിലോ ഒരു വള്ളിയിൽ മുളച്ചുണ്ടായ പൂമൊട്ട് ഒരു ദിവസം രാവിലെ വിടർന്നു. രാത്രിയിൽ അടർന്നു വീണു. ഏതെങ്കിലും വ്യക്തി മരിച്ചു പോയതായി കവിതയിലെങ്ങും പറയുന്നില്ലല്ലോ? ശരിയാണ്: വീണപൂവിൽ പൂവിന്റെ കാര്യമേ പറയുന്നുള്ളു. പക്ഷെ അത് വായിക്കുന്ന ആർക്കും അതിലൂടെ ഒരു മനുഷ്യന്റെ ജീവിത കഥ വ്യക്തമായി കാണാൻ സാധിക്കുന്നില്ലേ? കുറെക്കൂടി തെളിച്ചു പറയുകയാണെങ്കിൽ, ഏതോ ഒരു പെൺകുട്ടിയുടെ കഥയാണെന്നല്ലേ നമുക്കു തോന്നുക? എങ്കിൽ അതു മതിയല്ലോ?

**ചോദ്യങ്ങൾ** **(5x1 = 5)**

1) മഹാകവി കുമാരനാശാന്റെ ആദ്യത്തെ പ്രധാന കാവ്യമേത്?

2) എത്ര പദ്യങ്ങളാണ് വീണപൂവിലുള്ളത്?

3) ഏതിലാണ് വീണപൂവ് ആദ്യമായി പ്രസിദ്ധീകരിച്ചത്?

4) വീണപൂവിനെ എങ്ങനെ വിളിക്കുന്നതിലാണ് തെറ്റില്ലാത്തത്?

5) വീണപൂവ് വായിക്കുന്ന ആർക്കും എന്താണ് വ്യക്തമായി കാണാൻ സാധിക്കുക?

**II) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **(8 x 1= 8)**

1) 'ക്ലിന്റിന് സ്നേഹപൂർവം' എന്ന പാഠഭാഗം എഴുതിയതാര്?
(പി.കെ. ഗോപി, ഡോ.എഴുമറ്റൂർ രാജരാജവർമ്മ, എഴുത്തച്ഛൻ)

2) വി.ടി. ആരുടെ ശിഷ്യത്വമാണ് കൈക്കൊണ്ടത്?
(തിയ്യാടി പെൺകുട്ടിയുടെ, അദിതിയുടെ, ദിതിയുടെ)

3) വാമനന്റെ വേഷത്തിൽ മഹാബലിയെ കാണാൻ വന്നത് ആരായിരുന്നു?
(ശുക്രാചാര്യർ, അസുരന്മാർ, മഹാവിഷ്ണു)

4) ഏതു വാചകം വായിച്ചപ്പോഴാണ് വി.ടി യുടെ മനസ്സിൽ ആഹ്ളാദധ്വനി വിനിർഗളിച്ചത്?
(വിജയദശമി, മാൻമാർക്ക് കുട, പണപ്പായസം)

5) 'അഖിലകേരള ചിത്രരചനാമൽസരത്തിൽ ക്ലിന്റിന്റെ ഏതു ചിത്രത്തിനാണ് ഒന്നാം സമ്മാനം ലഭിച്ചത്?
(കണ്ണീരും കിനാവും, കൊഴിഞ്ഞ ഇലകൾ, പൂരം)

6) ''ദൈവമേ എന്ത് ക്രൂരതയാ കുട്ട്യോളേ നിങ്ങളീ കാണിച്ചേ -കഷ്ടം''. ഇങ്ങനെ പറഞ്ഞതാര്?
(വല്യച്ഛൻ, കബീർ, കണ്ണൻ)

7) ആരാണ് തലതല്ലിക്കരയുന്നത്?
(കൂട്ടുകാർ, മകൾ, ചങ്ങാലിപ്രാവ്)

8) ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ള പാഠമാണ് 'മാൻമാർക്ക് കുട'?
(കഥ പറയുമ്പോൾ, കണ്ണീരും കിനാവും, ഏകാഭിനയ സമാഹാരം)

**III) അർത്ഥം എഴുതുക** **(8x ½=4)**

1) അന്ധകാരം (പ്രകാശം, ഇരുട്ട്, രാത്രി)

2) ഉലകം (കോപം, ഗൃഹം, ലോകം)

3) സവാരി (സത്യം, യാത്ര, സംഹാരം )

4) ഉന്നം (ഉറക്കെ, ഉക്തി, ലക്ഷ്യം)

5) ദീർഘകാലം (വളരെക്കാലം, വളരെ വേഗം, വളരെ നേരം)

6) ആധാരം (ആകുലം, ആലയം, ആശ്രയം)

7) ഹേതു (കാരണം, കിന്നാരം, കാപട്യം)

8) കലി (കോപം, സത്യം, കള്ളം)

**IV) അർത്ഥവ്യത്യാസം എടുത്തെഴുതുക** **(2x 1=2)**

1) അർത്ഥം - അർദ്ധം
(പകുതി - പൊരുൾ, പൊരുൾ - പ്രകാശം, പൊരുൾ - പകുതി)

2) കനിവ് - കിനാവ്
(സ്വപ്നം - ദയ, ദയ - സ്വപ്നം, സ്വപ്നം - ശപഥം)

**V) പര്യായപദങ്ങൾ എടുത്തെഴുതുക** **(6x 1=6)**

1) കാറ്റ് (മാരുതൻ, പാരാവാതം, കപോതം, പവനൻ)

2) അച്ഛൻ (പിതാവ്, താതൻ, അർഭകൻ, സുതൻ)

3) കുതിര (അശ്വം, ശുകം, ശാരിക, തുരഗം)

4) കുഞ്ഞ് (ശിശു, പുത്രി, ജനനി, പൈതൽ)

5) മനുഷ്യൻ (ആദിത്യൻ, ഭവാൻ, നരൻ, മർത്യൻ)

6) മനസ്സ് (അന്തരംഗം, ഉക്തി, മിഴി, ചിത്തം)

**VI) ശരിയായ പദം തിരഞ്ഞെടുത്തെഴുതുക** **(4x ½=2)**

1) ഘോരാന്തകാരം, ഘോരാന്ദകാരം, ഘോരാന്ധകാരം

2) സ്തംബിച്ചു, സ്തംഭിച്ചു, സ്തംമ്പിച്ചു

3) കൃതഞ്ജത, കൃദജ്ഞത, കൃതജ്ഞത

4) വേഷപ്രച്ചന്നൻ, വേഷപ്രച്ഛന്നൻ, വേശപ്രച്ഛന്നൻ

**VII) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക** **(4x 1=4)**

1) മഹാബലി/തിരുവോണനാളിൽ /എത്തുന്നു/ ഭൂമിയിൽ/ചിങ്ങമാസത്തിലെ

2) അമ്മയുടെ/കേട്ട് /അവൾ/ വീട്ടിലേക്കോടിമറഞ്ഞു /ശാസന

3) അവൾ /സ്ളേറ്റിൽ/ ഒരു / എനിക്ക്/ അമ്പത്തൊന്നക്ഷരങ്ങൾ/ എഴുതിത്തന്നു

4) പകർത്തി/ കടലാസ്സിൽ/ പ്രകൃതിഭംഗികൾ/ അവൻ

**VIII) ചേർത്തെഴുതുക** **(6x 1=6)**

1) ഭിത്തി+ഇൽ  2) നാട്+ഒരുങ്ങി

3) ദർഭ+പുല്ല്  4) പറന്ന്+എത്തിയ

5) ജീവൻ + ഉണ്ട്  6) തെല്ലും+അമ്മേ

**IX) പിരിച്ചെഴുതുക** **(6x 1=6)**

1) നോക്കിയിരിക്കുക  2) തൃക്കാലെടുത്ത്

3) തീപ്പൊരി  4) പറയുന്നതല്ല

5) കവിതയാണ്  6) വിഷയമായി

**X) എതിർലിംഗം എഴുതുക** **(4x 1=4)**

1) കൂട്ടുകാരൻ  2) അധിപൻ

3) ചക്രവർത്തി  4) കലാകാരൻ

**XI) വിപരീത പദം എഴുതുക** **(6x 1=6)**

1) വിജ്ഞാനം  2) പിണക്കം  3) പുണ്യം

4) അഭിമാനം  5) ക്ഷമ  6) ഉത്തമം

**XII) മലയാള മാസങ്ങൾ ക്രമത്തിൽ എഴുതുക (7)**

**XIII) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (10x 2=20)**

1) വരയ്ക്കാനുള്ള വിഷയങ്ങൾക്ക് വേണ്ടി ക്ലിന്റ് ആരെയാണ് ശല്യപ്പെടുത്തിയിരുന്നത് ?
2) ദേവമാതാവായ അദിതി ദ്വാദശീവ്രതാനുഷ്ഠാനം നടത്തിയത് എന്തിനു വേണ്ടിയായിരുന്നു?
3) വി.ടി. എടുത്ത ശപഥം എന്തായിരുന്നു?
4) പാമ്പിനെ കൊന്നാൽ എന്തു സംഭവിക്കുമെന്നാണ് അച്ഛമ്മ പറഞ്ഞത് ?
5) മുതിർന്നവരെക്കാൾ അടുക്കും ചിട്ടയോടുംകൂടി ക്ലിന്റ് ചെയ്തിരുന്നത് എന്തെല്ലാമാണ്?
6) കുട്ടൻ പഞ്ചവർണ്ണത്തത്തയെ കൊന്നതെന്തിന്?
7) തനിക്ക് തെറ്റ് പറ്റിപ്പോയി എന്ന് എന്തു ചെയ്തപ്പോഴാണ് ചങ്ങാലി തിരിച്ചറിഞ്ഞത്?
8) മഹാബലിയുടെ ദാനം തടസ്സപ്പെടുത്താൻ ശ്രമിച്ചത് ആരായിരുന്നു?
9) തിയ്യാടിപ്പെൺകുട്ടി വി.ടി. യോടു ചോദിച്ച സഹായമെന്ത്?
10) ക്ലിന്റിന്റെ ഇളം മനസ്സിന് പ്രത്യേകമായ ഉന്മേഷം തോന്നിയതെപ്പോൾ?

****